കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുറക്കാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി12-1244/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 25.10.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറക്കാട് ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി12-1244/17

# ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 17.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.09.2017മുതൽ<br>27.09.2017 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജാക്വലിൻ. പി. ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി. റഹ്മത്ത് ഹമീദ് | 01.04.2016 മുതൽ 31.03.2017 വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. നൗഷാദ്. എ | 01.04.2016 മുതൽ 31.03.2017 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.സുധാമണി | 01.04.2016 മുതൽ 10.09.2016 വരെ |
| | | ശ്രീ. ശശികാന്തൻ | 14.10.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീ. ആർ. സുനി | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. വി.എസ്.ജിനരാജ് | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. ജയശ്രീ ചന്ദ്ര | 01.04.2016 മുതൽ 31.03.2017 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. അജിത് കുമാർ.സി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. ജയകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഡാർളി. കെ.ജെയിംസ് | 01.04.2016 മുതൽ 24.08.2016FN വരെ |
| | ഡോ. ധന്യ | 24.08.2016AN മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. മീന | 01.04.2016 മുതൽ 19.01.2017FN വരെ |
| | ഡോ. ശ്രീരാജ്. ജി. പ്രഭു | 19.01.2017AN മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രിൻസ് മോൻ. കെ. എസ് | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. മിട്ടു മോഹൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അഞ്ജിത്. ബി. മോഹൻ | 01.04.2016 മുതൽ 22.07.2016FN വരെ |
| | ശ്രീമതി. ആഭ. വി. എസ് | 22.07.2016AN മുതൽ 20.08.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി. യാമിനി ദാസ് | 21.08.2016 മുതൽ 22.08.2016 വരെ |
| | ശ്രീമതി. സിസി ആന്റണി | 23.08.2016മുതൽ 31.03.2017 വരെ |
| ഹെഡ് മിസ്ട്രസ്, ഗവ.എൽ.പി.എസ് | ശ്രീമതി. മൈഥിലി | 01.04.2016 മുതൽ 06.06.2016FN വരെ |
| | ശ്രീമതി. ഷായിദ | 06.06.2016AN മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. വിശ്വനാഥ പിള്ള | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ. പി. എൻ. രാജു (ഇൻ ചാർജ്ജ്) | 01.06.2016 മുതൽ 14.07.2016 വരെ |
| | ശ്രീമതി. അഞ്ജലി ദേവി. സി. എ | 15.07.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി. ബിന്ദു | 01.08.2016 മുതൽ 05.09.2016FN വരെ |
| | ശ്രീ. അശോകൻ. കെ | 05.09.2016AN മുതൽ 03.01.2017 വരെ |
| | ശ്രീമതി. ലൂസി. എ.ഐ | 04.01.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ. സുനിൽ കുമാർ (തോട്ടപ്പള്ളി) | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ. സുരാജ് ബാബു (പുറക്കാട്) | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കമലേശൻ . വി | 01.04.2016 മുതൽ 03.10.2016 വരെ |
| | ശ്രീ. ആന്റണി. സി | 08.11.2016 മുതൽ 31.03.2017 വരെ<br>(04.10.2016 മുതൽ 07.11.2016 വരെ തസ്തിക വേക്കന്റ് ആയിരുന്നു) |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ 1-9 വരെ |
| ഭാഗം2 | | |
| 2 | വസ്തുനികുതി -അപാകതകൾ | 2-1 |
| 3 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 2-2 |
| 4 | വസ്തുനികുതി -ഫയൽ ഹാജരാക്കിയില്ല | 2-3 |
| 5 | സ്കൂളുകളുടെ ഫിറ്റ്നസ് ഫീസ് ഈടാക്കുന്നില്ല | 2-4 |
| 6 | തൊഴിൽ നികുതി-അപാകതകൾ | 2-5 |
| 7 | ഡി &ഒ ലൈസൻസ് - അനധികൃതമായി സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു | 2-6 |
| 8 | തോട്ടപ്പള്ളി ബീച്ച് & പാർക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 2-7 |
| 9 | ലേലം | 2-8 |
| 10 | ഇ-ടെൻഡറിംഗ് - ടെൻഡർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല | 2-9 |
| ഭാഗം 3 | | |
| 11 | കാർഷിക കർമ്മസേനയുടെ പവർ ടില്ലർ റിപ്പയർ --93000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| 12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം – പദ്ധതി പൂർത്തിയായില്ല | 3-2 |

| | | |
|---|---|---|
| 13 | എൻ.എച്ച്. പഴയചിറ റോഡ് മെറ്റലിംഗ് - അധിക തുക അനുവദിച്ചു | 3-3 |
| 14 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിലെ അപാകത – അധിക ചെലവ് | 3-4 |
| 15 | വെള്ളക്കരംകുടിശ്ശിക--വൻബാധ്യത | 3-5 |
| 16 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ--ഒരെണ്ണം വിതരണം ചെയ്തിട്ടില്ല | 3-6 |
| 17 | മലയിൽ തോട് പാടശേഖരം തെക്കോട്ട് റോഡ് ഗ്രാവലിംഗും സംരക്ഷണഭിത്തിയും വാർഡ്13 - പിഴ ഈടാക്കിയില്ല | 3-7 |
| 18 | പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പ്രയോജനപ്രദമാക്കുന്നില്ല | 3-8 |
| 19 | സ്ട്രീറ്റ് ലൈൻ വലിക്കൽ - അപാകങ്ങൾ | 3-9 |
| 20 | എ.ബി.സി.പ്രോഗ്രാം പദ്ധതി--2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-10 |
| 21 | എസ്.എസ്.എ വിഹിതം -ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 |
| 22 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-12 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-13 |
| 24 | പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾ | 3-14 |
| ഭാഗം 4 | | |
| 25 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| അനുബന്ധം | | |

| | | |
|---|---|---|
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 18,98,49,622 | 14,75,85,000 |
| വാർഷിക കണക്ക് പ്രകാരം<br>(റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരം) | 4,98,39,262 | 4,49,19,430 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1 -ൽ പരാമർശിച്ചിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 16425329 | 14238431 | 86.69 |
| വികസനഫണ്ട് (എസ്.സി.പി) | 3255861 | 3255861 | 100 |
| വികസനഫണ്ട് (റ്റി.എസ്.പി) | 98610 | 30393 | 30.82 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2714427 | 1137948 | 41.92 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4388229 | 3295135 | 75.09 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9210939 | 3699527 | 40.16 |
| പെർഫോമൻസ് ഗ്രാന്റ് | 5869366 | 2004030 | 34.14 |
| ബി ഫണ്ട് | 43498122 | 43498122 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 65752671 (മുന്നിരിപ്പ് 4619/-രൂപ ഉൾപ്പെടെ) | 65594000 | 99.76 (നീക്കിയിരിപ്പ് 154052/- രൂപ ഉൾപ്പെടെ) |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 58832330 | 76 | 30571134 | 23 | 63 | 46.91 |

## 1-5 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെ പറയും പ്രകാരം 56.14 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2566306 | 3834921 | 1268615 | 49.43 |
| നികുതിയേതര വരവുകൾ | 189040 | 246717 | 57677 | 30.51 |
| മറ്റ് വരവുകൾ | 171112 | 487754 | 316642 | 185.05 |
| ആകെ | 2926458 | 4569392 | 1642934 | 56.14 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 710520 | 417 |
| കർഷകതൊഴിലാളി പെൻഷൻ | 8797830 | 948 |
| വിധവാ പെൻഷൻ | 82500700 | 824 |
| വാർദ്ധക്യകാല പെൻഷൻ | 2120680 | 1892 |
| വികലാംഗ പെൻഷൻ | 3329900 | 361 |
| അവിവാഹിത പെൻഷൻ | 891160 | 85 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 300000 | 10 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47345 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2017 | 7/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.12.2015 – 26.12.2015<br>13.01.2016 – 19.01.2016 | 2010-11 മുതൽ 2014-15 വരെ | 16.03.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി -അപാകതകൾ

1. ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിൽ 2016-17 വർഷം നമ്പറിംഗ് നൽകിയ ശ്രീ. പ്രമോദ് വർഗ്ഗീസ് ജോസഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പൂർത്തിയാക്കിയ പ്ലാൻ പ്രകാരം 34 $m^2$ തറവിസ്തീർണ്ണം ഉണ്ട്. നികുതി നിർണ്ണയത്തിനായി കെട്ടിടത്തിലെ 2 കടമുറികൾക്ക് XV11/566, XV11/566 A എന്നിങ്ങനെ നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ, ഫോം സിക്സ്, ഡിമാന്റ് എന്നിവ പരിശോധിച്ചതിൽ ഒന്നാമത്തെ കടമുറി 12.76 $m^2$ ( XV11/566) രണ്ടാമത്തെ കടമുറി 15.95 $m^2$ എന്നിങ്ങനെ ആകെ 28.6$m^2$ തറവിസ്തീണ്ണം മാത്രമാണ് നികുതി നിർണ്ണയത്തിനായി പരിഗണിച്ചത് .

   XV11/566 നമ്പർ കടമുറിക്ക് മേഖല (ദ്വീതീയം), കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ ഇളവുകൾ അനുവദിക്കുകയും, 5 മീറ്റർ കൂടുതൽ വീതിയുള്ള റോഡിന് വർദ്ധനവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതേ കെട്ടിടത്തിൽത്തന്നെയുള്ള XV11/566 A നമ്പർ കടമുറിക്ക് മേഖല പ്രഥമം, കാലപ്പഴക്കം 10 വർഷത്തിൽത്താഴെ, റോഡ് 1.5 മീറ്റർ കൂടുതൽ എന്ന് രേഖപ്പെടുത്തിയാണ് നികുതി ഈടാക്കിയിട്ടുള്ളത്. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപാകതകൾ പരിഹരിച്ച് സഞ്ചയസോഫ്റ്റ് വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉടമസ്ഥനിൽനിന്നും കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. സഞ്ചയസോഫ്റ്റ് വെയർ, ഫോം സിക്സ്, ഡിമാന്റ് എന്നിവ പരിശോധിച്ചതിൽ 2016-17 വർഷം നമ്പർ നൽകിയിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.

| ഉടമസ്ഥൻ | കെട്ടിട നം | തറവിസ്തീർണ്ണം |
|---|---|---|
| മോഹനൻ, തോപ്പിൽ പുരയിടം | 16 /245A | 79.43 $m^2$ |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 4/22.09.2017) മറുപടി ഹാജരാക്കിയില്ല. കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 - ലെ സർക്കാർ ഉത്തരവ് നം. 19/2011/ ത.സ്വ.ഭ.വ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ, റിലയൻസ് ജിയോ ഇൻഫോസ് എന്നീ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം ഉണ്ടെങ്കിലും മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/23.09.2017) ലഭ്യമാക്കിയില്ല. മറുപടി ഹാജരാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി 1$m^2$ ന് 500/- രൂപ നിരക്കിൽ കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി -ഫയൽ ഹാജരാക്കിയില്ല.

2014-15 വർഷം പെർമിറ്റ് നൽകിയ (A4/3753/14) എം ഷംസുദ്ദീൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള 1170.46 $m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്, 2016-17 വർഷം നമ്പർ നൽകിയിട്ടുണ്ട്. 425.39 $m^2$ തറവിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾക്ക് 11/352 A, 11/352 B എന്നിങ്ങനെ നമ്പർ നൽകി നികുതി അസ്സസ് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയൽ ഹാജരാക്കാത്തതിനാൽ നികുതി അസ്സസ് ചെയ്തതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അതിനാൽ ഈ കെട്ടിടങ്ങളുടെ കംപ്ലീറ്റഡ് പ്ലാൻ ഉൾപ്പെടുന്ന നമ്പറിംഗ് ഫയൽ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച കെട്ടിടത്തിന്റെ ഫോം സിക്സ് പരിശോധിച്ചതിൽ 5 മീറ്ററിലധികം വരുന്ന റോഡിന് വർദ്ധനവ് അനുവദിച്ച് നികുതി അസ്സസ്ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ വാർഡിൽ സ്ഥിതിചെയ്യുന്ന 11/352 നമ്പർ കെട്ടിടത്തിന് 1.5 മീറ്റർ റോഡിന് ഇളവ് അനുവദിച്ചിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് പ്രാദേശിക പരിശോധന നടത്തി വിവരം അറിയിക്കാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു - നടപടി സ്വീകരിക്കേണ്ടതാണ്.

പുറക്കാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ടെക്സില, ബഥനി എന്നീ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നതെന്ന് കാണുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 01.08.2007 ലെ സർക്കാർ ഉത്തരവ് (ആർ. റ്റി) നം. 2427/2007 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നെറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷങ്ങളിൽ നിശ്ചിത ഫീസടച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് വാങ്ങി പ്രവർത്തിക്കേണ്ടത് ഈ സ്ഥാപനങ്ങളുടെ ബാധ്യതയാണ്. കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളുടെ ക്ഷമത ഉറപ്പ് വരുത്തേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളുടെ കടമയാണ്. എന്നാൽ നാളിതുവരെയായി ഫിറ്റ്നെസ്സ് (ക്ഷമത) ഇല്ലാതെ പ്രവർത്തിച്ചുവരുന്ന മുകളിൽ പരാമർശിച്ച സ്ഥാപനങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം വിദ്യാലയങ്ങൾക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

എ) ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജിവനക്കാരുടെ എണ്ണം | രണ്ടാം അർദ്ധവർഷം ഈടാക്കിയ നികുതി |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി,പി എച്ച് ഡിവിഷൻ | 1 | 1250/- |

| | | | |
|---|---|---|---|
| 2 | എസ്കോ മൈക്രോഫിനാൻസ് | 1 | 600/- |
| 3 | കെ പി എസ് ഐ എസ് പ്ളാന്റ് | 1 | 600/- |
| 4 | മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ജീവനക്കാർ | 6 | 6250/- |

പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

ബി) രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ഒന്നാം അർദ്ധ വർഷം ഈടാക്കിയ നികുതി |
|---|---|---|---|
| 1 | ഇല്ലിച്ചിറ പോസ്ററ് ഓഫീസ് | 2 | 1050/- |
| 2 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്,തോട്ടപ്പള്ളി | 5 | 4930/- |
| 3 | ഇസാഫ് മൈക്രോഫിനാൻസ് | 1 | 750/- |
| 4 | ചിപ്പി ഫൈനാൻസിയേഴ്സ് | 1 | 120/- |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1. എസ്.ബി.റ്റി, പുറക്കാട്
2. ഡോറ മൈക്രോഫിനാൻസ്
3. ജില്ലാ സഹകരണ ബാങ്ക്
4. ഇസാഫ് മൈക്രോഫിനാൻസ്
5. ചിപ്പി ഫൈനാൻസിയേഴ്സ്
6. ആശിർവാദ് മൈക്രോഫിനാൻസ്
7. എസ്കോ മൈക്രോഫിനാൻസ്
8. സപ്ലൈകോ സൂപ്പർ മാർക്കറ്റ്,തോട്ടപ്പള്ളി

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

അയ്യൻ കോയിക്കൽ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം, ഭാരത് പെട്രോളിയം, പുന്തല, കല്ല്യാണി ഫൈനാൻസിയേഴ്സ്, ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ടെക്സില ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്

നടപടി സ്വീകരിക്കേണ്ടതാണ്.

4. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

പുറക്കാട് കൃഷി ഓഫീസിലെ കൃഷി അസിസ്റ്റന്റ്മാരായ രശ്മി. ആർ, സുജ. എസ്. വിജയൻ എന്നിവരുടെ അർദ്ധവർഷിക വരുമാനം യഥാക്രമം 156012/- രൂപയും, 148494/- രൂപയുമാണ് പത്രിക പ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഇവരിൽ നിന്ന് 1250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണെങ്കിലും ഒന്നാം അർദ്ധവർഷം 1000/- രൂപ വീതം മാത്രമേ ഈടാക്കിയിട്ടുള്ളൂ. കുറവ് വന്ന 500/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ഡി &ഒ ലൈസൻസ് - അനധികൃതമായി സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു

വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 161 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതായി കാണുന്നു. എന്നാൽ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 134 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. വാർഡ് 2 ൽ പ്രവർത്തിക്കുന്ന പി ജി എൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഡി &ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും കള്ള് ഷാപ്പുകളും ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണുന്നു. മുൻ വർഷത്തെ ഡി &ഒ ലൈസൻസ് ഫീ അരിയർ ഇനത്തിൽ 10900/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ലൈസൻസ് എടുക്കാതെ നിരവധി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ഇതിൽനിന്നും വ്യക്തമാകുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ-232(1)പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ആയതിനാൽ ചട്ടം ലംഘിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുകയോ അല്ലാത്ത പക്ഷം നിയമാനുസൃതമായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-7 തോട്ടപ്പള്ളി ബീച്ച് & പാർക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ടൂറിസം വകുപ്പ് നിർമ്മിച്ച തോട്ടപ്പള്ളി ബീച്ച് & പാർക്കിനെ സംബന്ധിച്ച ഫയൽ A4/7862/13 പരിശോധിച്ചതിൽ 23.9.13 ൽ ടൂറിസം വകുപ്പ്, ബീച്ച് ഉടങ്ങുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചതാണ്. ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതിനാൽ നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി നല്കിയില്ലെങ്കിലും നിലവിൽ നിർമ്മാണം പൂർത്തിയായതായി ഫയലിൽ നിന്ന് വ്യക്തമാകുന്നു. നിർമ്മാണം ക്രമവത്ക്കരിച്ച് അസ്സസ്സ് ചെയ്ത് നികുതി ഈടാക്കാനും പാർക്ക് നടത്തിപ്പിന് ലൈസൻസ് നൽകുന്നതിന് ശേഷിക്കുന്ന തടസ്സങ്ങളും ആരാഞ്ഞ് എൻക്വയറി (നം. 14/26.09.2017) നല്കിയതിന് സി.ആർ.ഇസഡിന്റെയും ഹാർബർ എഞ്ചിനീയറിംഗിന്റെയും അനുമതിയും രേഖകളും ലഭ്യമാക്കിയിട്ടില്ല എന്ന് മറുപടി നൽകി. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാക്കി രേഖകൾ ഹാജരാക്കാൻ ജില്ല ടൂറിസം വകുപ്പിനോട് ആവശ്യപ്പെടുകയും രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ലൈസൻസും കെട്ടിട നമ്പറും നല്കി പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 ലേലം

പഞ്ചായത്ത് കോൺഫറൻസ് ഹാളും ഓഫീസും നവീകരിച്ചതിന്റെ ഭാഗമായി മുൻപുണ്ടായിരുന്ന പഴയ ഇരുമ്പ് ഡയസും അലമാരകളും പഞ്ചായത്ത് ഹാളിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണുന്നു. ഉപയോഗ യോഗ്യമാക്കാൻ കഴിയാത്ത പക്ഷം ഇവ ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ

അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി ഇവ ലേലം ചെയ്ത്, തുക തനതുഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 ഇ-ടെൻഡറിംഗ് - ടെൻഡർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു. ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | ടെൻഡർ ID, | ടെൻഡറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | 24/17 മലയിൽ തോട് പാടശേഖരം തെക്കോട്ട് റോഡ് ഗ്രാവലിംഗും സംരക്ഷണഭിത്തിയും – വാർഡ് 13 | 2015-LSGD-44825 | 1 | 5250 |
| 2 | 155/16 പനക്കൽ പാലം മുതൽ പുത്തൻതറ നാഗമംഗലം കോളനി റോഡ് കോൺക്രീറ്റിംഗ് | 2016-LSGD-70079-1 | 3 | 6300 |
| 3 | 156/16 പീടികച്ചിറ റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ് - വാർഡ് 6 | 2016-lSGD-70080-1 | 2 | 3500 |
| 4 | 179/16 ആയുർവേദ ഹോമിയോ ഡിസ്പെൻസറി ചുറ്റുമതിൽ | 2016-LSGD-70085-1 | 3 | 7875 |
| | ആകെ | | | 22925 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക കർമ്മസേനയുടെ പവർ ടില്ലർ റിപ്പയർ --93000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

S0132/17 പ്രോജക്ടിൽപ്പെടുത്തി കാർഷിക കർമ്മസേനയുടെ പവർടില്ലർ റിപ്പയർ ചെയ്ത് പ്രവർത്തന യോഗ്യമാക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 93,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ 2011-12 ൽ നടപ്പിലാക്കിയ തൊഴിൽ സേന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സ്വയംതൊഴിൽ വരുമാനം, കാർഷിക അഭിവൃദ്ധി എന്നിവ ലക്ഷ്യം വച്ച് രൂപീകൃതമായതാണ് കാർഷിക കർമ്മ സേന. അപ്രകാരം പുറക്കാട് ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച കാർഷിക കർമ്മസേനയ്ക്കായി 3 പവർ ടില്ലർ വാങ്ങിയിട്ടുണ്ട്.

1. *<u>കർമ്മസേനയുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചു.</u>*

കാർഷിക കർമ്മസേനയുടെ 3 പവർ ടില്ലർ റിപ്പയറിനായി 93000/- രൂപ ബിൽ നം. 2/16-17/ 23.3.17 കെയ്കോ അമ്പലപ്പുഴയ്ക്ക് S0132/17 പ്രോജക്ട് പ്രകാരം 2016-17-ൽ നല്കിയിട്ടുണ്ട്. കർമ്മസേന രൂപീകരണം, പവർ ടില്ലർ കൈപ്പറ്റൽ എന്നിവ സംബന്ധിച്ച് യഥാക്രമം 31.12.2011, 14.6.2012 തീയതികളിൽ കൃഷി ഓഫീസറും കർമ്മസേനയുടെ ഗ്രൂപ്പ് ലീഡറും തമ്മിൽ ഒപ്പു വച്ച കരാറിൽ, ടില്ലറുകൾക്കുണ്ടാകുന്ന കേടുപാടുകൾ യഥാസമയം സർവീസ് നടത്തി സംരക്ഷിച്ച് കൊള്ളാമെന്നും കർമ്മസേനയുടെ അക്കൌണ്ടിലെ തുക ഇതിന് ഉപയോഗിച്ചുകൊള്ളാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം കരാർ ഉണ്ടായിരിക്കെ പവർ ടില്ലർ റിപ്പയറിനായി 93000/- രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല.

കർമ്മസേനയുടെ ഉപയോഗത്തിലല്ലാത്തപ്പോൾ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം ഉപകരണങ്ങൾ ന്യായമായ വാടകയ്ക്ക് നല്കുന്നതാണെന്ന് കരാറിൽ ഉണ്ടായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഗ്രൂപ്പിന്റെ ഉപയോഗത്തിലല്ലാത്തപ്പോൾ ടില്ലർ വാടകയ്ക്ക് നല്കിയിരുന്നെങ്കിൽ കർമ്മസേന ഗ്രൂപ്പിന് വരുമാനപ്രദമാകുമായിരുന്നു.

2. *<u>കർമ്മസേനയുടെ അക്കൌണ്ട് --അപാകത</u>*

2011-12 ൽ കേരള സർക്കാരിന്റെ ഭക്ഷ്യസുരക്ഷാപദ്ധതിയുടെ ഭാഗമായി പുറക്കാട് ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ച കാർഷിക കർമ്മസേന സംഘം 27.6.14 ൽ ആണ് രജിസ്റ്റർ ചെയ്തത്. കൃഷിവകുപ്പിൽ നിന്നും ലഭ്യമായ 2,00,000/- രൂപ കർമ്മസേനയുടെ ഗ്രൂപ്പ് ലീഡറിന്റെയും കൃഷി ഓഫീസറിന്റെയും സംയുക്ത അക്കൌണ്ടിൽ (അക്കൌണ്ട് നം.67175850950 ,SBT പുറക്കാട്) 6.3.12 ൽ വരവ് വച്ചിട്ടുണ്ട്. 23.3.12 ൽ 1,03,296/- രൂപ പിൻവലിച്ചത് ഏത് ആവശ്യത്തിനാണെന്നും ഈ തുകയിൽ നിന്നാണോ 3 പവർ ടില്ലർ വാങ്ങിയത് എന്നതും വ്യക്തമല്ല.

ഈ അക്കൌണ്ടിൽ 85104/- രൂപ ക്യാരിഓവർ ചെയ്തു കാണിച്ചിട്ടുണ്ടെങ്കിലും തുടർന്ന് ഈ തുക കൂട്ടിയിട്ടില്ല. 6.3.12 ൽ തുടങ്ങിയ അക്കൌണ്ടിൽ ഈ തുക അതിനു മുൻപ് എപ്രകാരം വന്നതാണ് എന്ന് വ്യക്തമാകുന്നില്ല. കർമ്മസേനയുടെ അക്കൌണ്ടിൽ 2012 നു ശേഷം ബാങ്ക് പലിശ അല്ലാതെ 2.2.17 ൽ മാത്രമാണ് ഗ്രോ ബാഗ് വിതരണവുമായി ബന്ധപ്പെട്ട് 60,000/- രൂപ വരവ് വന്നിട്ടുള്ളത്. വരവ് ചെലവുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല എന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. നിലവിൽ 2.2.17 ൽ 75288/- രൂപ ബാലൻസ് ഉണ്ട്.

3. *<u>ലേബർ ഗ്രൂപ്പ് യോഗം കൂടുന്നില്ല.</u>*

കർമ്മസേന രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കാനും ലേബർ ഗ്രൂപ്പ് യോഗം മാസത്തിൽ രണ്ട് തവണയെങ്കിലും കൂടേണ്ടതാണ്. 2012 മെയ് മാസത്തിനു ശേഷം ഇതു വരെ യോഗം കൂടിയതായി മിനിട്സിൽ ഇല്ല. 93,000/- രൂപ റിപ്പയറിനായി ചെലവഴിച്ചെങ്കിലും കേടുപാടുകളോ തകരാറുകളോ സംബന്ധിച്ച് ലേബർഗ്രൂപ്പ് റിപ്പോർട്ട് ചെയ്തിട്ടുമില്ല.

അപാകതകൾ പരാമർശിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/23.09.2017) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം.1 ൽ പരാമർശിച്ച കാരണങ്ങളാൽ 93000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം -പദ്ധതി പൂർത്തിയായില്ല</u>

പ്രോജക്ട് നം : S0159 /17

വികസന ഫണ്ട് (എസ്.സി.പി) : 3,50,000 /-

ബിൽ നം. : 8/16-17/29.03.2017

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിനായി തൻ വർഷം 3,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൽ ഏഴ് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 50,000/- രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ ഏഴ് ഗുണഭോക്താക്കളിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുക കൈപ്പറ്റിയത് മൂന്ന് ഗുണഭോക്താക്കൾ മാത്രമാണ്. ബാക്കിയുള്ള നാല് ഗുണഭോക്താക്കൾ അഡ്വാൻസ് തുക മാത്രം കൈപ്പറ്റുകയാണ് ഉണ്ടായത്. മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 എൻ.എച്ച്. പഴയചിറ റോഡ് മെറ്റലിംഗ്- അധിക തുക അനുവദിച്ചു

എൻ.എച്ച് – പഴയച്ചിറ റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തിയിൽ നിലവിലുള്ള റോഡിന്റെ പ്രതലം കുത്തിയിളക്കി, ലഭിക്കുന്ന മെറ്റലിന്റെ 20% ഉപയോഗയോഗ്യമാക്കി, പുതിയ മെറ്റലിംഗ് നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. നിലവിലുള്ള റോഡ് കുത്തിയിളക്കിയപ്പോൾ ലഭിച്ച മെറ്റലിന്റെ 20%, 9എം$^3$ പുതിയ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതായി അളവ് പുസ്തകത്തിൽ (നം. 107, പേജ് 17) രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം.3 ആയി 63-45 mm സ്റ്റോൺ അഗ്രിഗേറ്റ് 33.24 എം$^3$ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും CPWD സ്പെസിഫിക്കേഷൻ 16.7.2 പ്രകാരം 7.5% വോയ്ഡ്സിനായി കുറവ് വരുത്തേണ്ടതാണെങ്കിലും ആയത് കുറച്ചിട്ടില്ല. റോഡ് നിർമ്മാണത്തിനായി ഉപയോഗിച്ച മെറ്റലിന്റെ അളവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ അളവ് | :- 33.24 എം$^3$ |
| (-) 7.5% വോയ്ഡ്സ് | :- 2.493 എം$^3$ |
| | :- 30.747 എം$^3$ |
| ഡിസ്മാന്റിൽ ചെയ്തപ്പോൾ ലഭിച്ച മെറ്റലിന്റെ അളവ് | :- 9.000 എം$^3$ |
| | :- 39.747 എം$^3$ ========== |

443.93 എം$^3$ വിസ്തീർണ്ണത്തിൽ WBM ചെയ്യുന്നതിന് ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റിന്റെ അളവ് 41.50എം$^3$ (443.93x0.0935) ആണ് 39.747 m$^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ച് ചെയ്യാവുന്ന WBM ന്റെ വിസ്തീർണ്ണം 425.10 എം$^2$ (39.747/ 0.0935) മാത്രമാണെന്നിരിക്കെ അധികം പ്രതലം 18.83എം$^2$ (443.93 – 425.10) മെറ്റലിംഗ് ചെയ്യുന്നതിനായി തുക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇനം 3 Supplying and stacking at site 63 mm – 45 mm stone aggregate
   അധികം ഉപയോഗിച്ച സ്റ്റോൺ അഗ്രിഗേറ്റിന്റെ അളവ് = 18.83m$^2$x0.0935 = 1.76m$^3$
   അധികം ചെലവഴിച്ച തുക = 1.76m$^3$@1797.20/m$^3$ = 3163/-
2. ഇനം 4 Supplying and stacking at site stone screening 11.2 mm nominal size (type B)
   അധികം ഉപയോഗിച്ച സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് =18.83m$^2$x0.017 = 0.32m$^3$
   അധികം ചെലവഴിച്ച തുക = 0.32m$^3$@1960.95/m$^3$ = 628/-
3. ഇനം 5 Supplying and stacking at site good gravelly earth for blinding
   അധികം ഉപയോഗിച്ച ഗ്രാവലിന്റെ അളവ് = 18.83m$^2$x0.013 = 0.24m$^3$
   അധികം ചെലവഴിച്ച തുക = 0.24x1212.50/m$^3$ = 291/-
4. ഇനം 6 Laying and spreading and compacting stone aggregate of specified sizes to WBM
   മെറ്റലിംഗ് ചെയ്ത പ്രതലത്തിന്റെ വ്യാപ്തം = 18.83m$^3$x0.075 = 1.41m$^3$

അധികം ചെലവഴിച്ച തുക = 1.41$m^3$@566.65/$m^3$ = 799/-

അധികം ചെലവഴിച്ച തുക 4881/- രൂപ (3161 + 628 + 291 + 799) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

*മറ്റ് വിവരങ്ങൾ*

പ്രോജക്ട് നമ്പർ :- S0029/17

കൺവീനർ :- വിജി, ശിവശക്തി

അളവ് പുസ്തകം :- 107

ചെലവ് :- 210353/-, ബിൽ നമ്പർ :- 64/31.03.2016,

:- 89647/-, ബിൽ നമ്പർ :- 14/28.01.2017

## 3-4 ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിലെ അപാകത -അധിക ചെലവ്

25.10.16 ലെ 9(30) നമ്പർ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകൾ നിലയിലെ പാനൽ ഇളക്കിമാറ്റി താഴത്തെ നിലയിൽ അസിസ്റ്റന്റ് സെക്രട്ടറിക്കും, മെമ്പർമാർക്കും ക്യാബിൻ പണിയുന്നതിനായി വൗച്ചർ നം. 2160074/2.2.17 പ്രകാരം 9900/- ചെലവഴിച്ചിട്ടുണ്ട്. പുതിയ ഗ്രാമപഞ്ചായത്ത് ഓഫിസിന്റെ മുകൾ നില നിർമ്മിച്ച് മാസങ്ങൾ മാത്രമായപ്പോഴാണ് ഇത്തരത്തിലുള്ള പുനർനിർമ്മാണം നടത്തിയത്. ദീർഘ വീക്ഷണമില്ലാതെ കെട്ടിടം പണിയുകയും പിന്നീട് മുകൾ നിലയിലെ പാനൽ ഇളക്കിമാറ്റി താഴെ സ്ഥാപിച്ചത് മൂലം 9900/- രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് 27.9.17 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21) മെമ്പർമാർക്കും, അസിസ്റ്റന്റ് സെക്രട്ടറിക്കും സൗകര്യപ്രദമായ ക്യാബിൻ പണിയുന്നതിനാണ് പാനൽ ഇളക്കിമാറ്റി താഴത്തെ നിലയിൽ സ്ഥാപിച്ചത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ദീർഘവീക്ഷണത്തോടെ പ്രവൃത്തികൾ ചെയ്യുവാനും പാഴ് ചെലവ് നിയന്ത്രിക്കുവാനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-5 വെള്ളക്കരംകുടിശ്ശിക--വൻബാധ്യത

ഗ്രാമ പഞ്ചായത്തിൽ നിന്നും 1194 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പ് ഒന്നിന് 5250/- രൂപ പ്രതിവർഷ നിരക്കിൽ പ്രതിമാസം 5,22,375/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നു. വാട്ടർ അതോറിറ്റിയുടെ 2016 നവംബർ മാസത്തിലെ ബിൽ പ്രകാരം കുടിശ്ശിക 3,50,03,903/- രൂപയും ഫൈൻ 686807/- രൂപയും ആണ്. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വർഷങ്ങളായി പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലൂടെയും ഫിഷറീസ് വകുപ്പും ഗാർഹിക വാട്ടർകണക്ഷൻ പദ്ധതി നടപ്പാക്കുന്നു. എന്നാൽ ഒരു പൊതുടാപ്പു പോലും കുറവ് ചെയ്തിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം വിശദമായി പരാമർശിച്ചിരുന്നു. ഓരോ വാർഡ് കേന്ദ്രീകരിച്ച് ഗാർഹിക വാട്ടർകണക്ഷൻ പദ്ധതി നടപ്പാക്കി പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കരമിനത്തിൽ അധിക തുക അടവാക്കുന്നില്ല എന്നുറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 3-6 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ--ഒരെണ്ണം വിതരണം ചെയ്തിട്ടില്ല.

എച്ച്. എം നിർവ്വഹണം നടത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ ( S0100/17) പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള 5 ഗുണഭോക്താക്കൾക്കും സ്റ്റീൽ മേശയും കസേരയും ഐശ്വര്യ ഫർണീഷേഴ്സ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് 18893/-രൂപ ബിൽ നം. 4/16-17/31.3.17 പ്രകാരം

ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 4 ഗുണഭോക്താക്കൾക്ക് മാത്രമേ ഉപകരണം വിതരണം നടത്തിയിട്ടുള്ളൂ. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് (നം. 03/22.09.2017) ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ശ്രീഹരി എന്ന ഗുണഭോക്താവ് കലവൂർ സ്കൂളിലെ വിദ്യാർത്ഥി ആയതിനാലും താമസം ഇവിടെ നിന്ന് മാറിയതിനാലുമാണ് വിതരണം ചെയ്യാതിരുന്നത് എന്ന് മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന വിതരണം നടത്താത്ത ഉപകരണം അർഹതയുള്ള ഗുണഭോക്താവിനെ കണ്ടെത്തി കമ്മറ്റി തീരുമാനം പ്രകാരം വിതരണം ചെയ്യേണ്ടതാണ്. നിലവിൽ വിതരണം നടത്താത്ത ഫർണീച്ചറിന്റെ വിലയായ 3778/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മലയിൽ തോട് പാടശേഖരം തെക്കോട്ട് റോഡ് ഗ്രാവലിംഗും സംരക്ഷണഭിത്തിയും വാർഡ്13 - പിഴ ഈടാക്കിയില്ല

2016-17 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കിയ മലയിൽതോട് പാടശേഖരം തെക്കോട്ട് റോഡ് ഗ്രാവലിംഗും സംരക്ഷണ ഭിത്തിയും (നം. എസ്0024/17) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 24,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 2,50,000/- രൂപയും ഉൾപ്പെടെ ആകെ 26,50,000/- രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തിക്കായി ആകെ 24,59,680/- രൂപ (1.01% ടെണ്ടർ വ്യതിയാനം കിഴിച്ച്) ചെലവഴിച്ചിട്ടുണ്ട്. കരാറുകാരനായ സജിമോൻ ആർ, പട്ടരുകളം എന്ന വ്യക്തിക്ക് 08.10.2015- ലാണ് സൈറ്റ് കൈമാറിയിട്ടുള്ളത്. ടെൻഡർ നോട്ടീസ് പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ്. അതായത് 07.01.2016-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 28.01.2016-ലെ 1(3) തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 31.03.2016 വരെ പൂർത്തീകരണ കാലാവധി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുശേഷം ബണ്ട് റോഡ് നിർമ്മാണത്തിന് ഇരുവശങ്ങളിലും പാടശേഖര സമിതിയുടെ ആവശ്യപ്രകാരം വെള്ളം കയറ്റിയിരിക്കുന്നതിനാൽ സമയബന്ധിതമായി വർക്ക് തീർക്കാൻ സാധിച്ചില്ല എന്നും അതിനാൽ വർക്കിന്റെ കാലാവധി 31.03.2016 എന്നത് 30.06.2016 വരെ പിഴകൂടാതെ നീട്ടിത്തരണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളതായി കാണുന്നു (കരാറുകാരന്റെ തീയതി രേഖപ്പെടുത്താത്ത അപേക്ഷ). ഇതനുസരിച്ച് പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുള്ളതായി കാണുന്നില്ല. അളവുപുസ്തകം നം. 100 പ്രകാരം 24.11.2016-ലാണ് ലാസ്റ്റ് മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത കരാറുകാരനിൽനിന്നും നിശ്ചിത ശതമാനം പിഴ ഈടാക്കേണ്ടതുണ്ട്. നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികമാകാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹1000/-, പരമാവധി ₹50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹2000/-, പരമാവധി ₹100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്( Liquidated damage). നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ കണക്കാക്കി ഈടാക്കേണ്ടതാണ്.

ചെലവ്
1028227/- : ബിൽ നം. 55/31.03.2016
120220/- : ബിൽ നം. 56/31.03.2016
59680/- : ചെക്ക് നം. 661059/27.12.2016
1251553/- : ബിൽ നം. 12/26.12.2016
114845/ : ചെക്ക് നം. 6626999/28.01.2017 (റീടെൻഷൻ)

## 3-8 പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പ്രയോജനപ്രദമാക്കുന്നില്ല

പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നിലവിൽ ഒരു ദുരിതാശ്വാസക്യാമ്പും, ഒരു അംഗനവാടിയുമാണ് പ്രവർത്തിക്കുന്നത്. അംഗൻവാടി പ്രവർത്തിച്ചിരുന്ന ഷെഡ് തകർന്നതിനാലാണ് പഴയ പഞ്ചായത്ത് ഓഫീസിലെ ഒറ്റ മുറിയിലേക്ക് അംഗൻവാടി മാറ്റിയിട്ടുള്ളത്. ദുരിതാശ്വാസക്യാമ്പിലുള്ളവരെ പുനരധിവസിപ്പിക്കുവാനോ, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗനവാടി സൗകര്യപ്രദമായ മറ്റ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനോ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായിരുന്നിട്ടും യാതൊരു തുടർനടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 27.09.2017 ൽ 67,242/- രൂപ പഞ്ചായത്ത് കെട്ടിടത്തിന്റെ കറന്റ് ചാർജ്ജിനത്തിൽ അടയ്ക്കുവാൻ ഉണ്ട്. യാതൊരു വരുമാനവും ലഭ്യമാകാത്ത കെട്ടിടത്തിന്റെ കറന്റ് ചാർജ്ജും താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്തിന്റെ ബാധ്യതയായി നിലവിൽ ഉണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടത്തെ ഉപയോഗപ്രദമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. ഇപ്പോഴുള്ള അന്തേവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾക്ക് ശുപാർശചെയ്യുന്നതിനോടൊപ്പം, ശുചിത്വമേറിയതും സൗകര്യപ്രദവുമായ ഏതെങ്കിലും കെട്ടിടത്തിലേക്ക് അംഗനവാടിയെ മാറ്റുന്നതിനും കെട്ടിടത്തെ വരുമാനപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 സ്ട്രീറ്റ് ലൈൻ വലിക്കൽ - അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം വിവിധ പ്രോജക്ടുകളിൽപ്പെടുത്തി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി കെ.എസ്.ഇ.ബിയിൽ 6,65,455/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | S0166/17 14-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 176970 | 26/31.03.2017 |
| 2 | S0181/17 16-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 170000 | 25/31.03.2017 |
| 3 | S0165/17 10-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 176685 | 23/31.03.2017 |
| 4 | S0167/17 18-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 141800 | 24/31.03.2017 |
| | ആകെ | 665455 | |

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. തുകയുടെ കൈപ്പറ്റ് രസീത്, കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. 16-ാം വാർഡിലെ സ്ട്രീറ്റ് ലൈൻ വലിക്കലിനായി കെ.എസ്.ഇ.ബി 120755 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ 170000 രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്.
3. 10,14,16,18 വാർഡുകളിലേക്ക് കെ.എസ്.ഇ.ബി ആകെ 545460 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ആകെ 665455 രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയങ്ങളിൽ വിശദീകരണം/ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 26.09.2017-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.17- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ 6,65,455/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 എ.ബി.സി.പ്രോഗ്രാം പദ്ധതി--2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം – സെക്രട്ടറി

എ.ബി.സി. പ്രോഗ്രാം പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 2,00,000/- രൂപ പിൻവലിച്ച് ഡിഡി നം. 661072/9.1.17 പ്രകാരം ജില്ലാപഞ്ചായത്തിന് നല്കിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് ഇതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ലാത്തതിനാൽ വിനിയോഗ വിവരം ലഭ്യമല്ല. ആയതിനാൽ 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 എസ്.എസ്.എ വിഹിതം -ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്തിൽ നിന്നും എസ്.എസ്.എ വിഹിതമായി 7,69,444/- രൂപ വികസന ഫണ്ടിൽ നിന്നും ബിൽ നം. 1/16-17/23.11.16 പ്രകാരം പിൻവലിച്ച് എസ്.എസ്.എ പ്രോജക്ട് ഓഫീസർക്ക് നല്കിയിട്ടുണ്ട്. എസ്.എസ്.എ തയ്യാറാക്കിയ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ബഡ്ജറ്റ് പ്ലാൻ, ആവശ്യപ്പെട്ട തുക, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. പ്രസ്തുത രേഖകളുടെ അഭാവത്താൽ 7,69,444/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല.

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (S0066/17) 5,00,000/- രൂപ ബിൽ നം. 1/16-17, തീയതി - 22/12/16 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും പിൻവലിച്ച് ഔഷധിക്ക് നല്കിയതിൽ 3,18,276/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നു കാണുന്നു. 181724/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ലഭിക്കാത്ത മരുന്നിന്റെ വിലയായ 181724/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (S0106/17) 3,00,000/- രൂപ ബിൽ നം. 1/16-17, 27.2.17 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും പിൻവലിച്ച് ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. 166680/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭിക്കാത്ത മരുന്നിന്റെ വിലയായ 133320/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾ

ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന ടാറിംഗ് പ്രവൃത്തികൾക്ക് ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും ടാർ വാങ്ങി നൽകുന്നതിനായി 2016-17 വർഷം 628982/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | കൺവീനർ | ചെലവഴിച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | S0127/17 എൻ.എച്ച്-എസ്.വി.ഡി യു.പി.എസ് സ്റ്റേഡിയം റോഡ് മെറ്റലിംഗ് വാർഡ് 15 | വിജിൻ വിജയൻ | 27742 | 35/31.03.2017 |
| 2 | S0128/17 പുത്തൻകരി ഡീസൽ പമ്പ് റോഡ് ടാറിംഗ് വാർഡ് 9 | എം.എച്ച്.വിജയൻ | 64732 | 38/31.03.2017 |
| 3 | S0145/17 എൻ.എച്ച് ലക്ഷ്മിസദനം ബീച്ച് റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 1 | സുനിമോൻ | 85385 | 41/31.03.2017 |
| 4 | S0146/17 മാളിയേക്കൽ തൈപ്പറമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 4 | എഗ്രിമെന്റ് വച്ചിട്ടില്ല | 26818 | 37/31.03.2017 |
| 5 | S0148/17 എൻ.എച്ച് വൈപ്പിൻ റോഡ് ഗ്രാവലിംഗ്, മെറ്റലിംഗ്, ടാറിംഗ് & കോൺക്രീറ്റിംഗ് വാർഡ് 15 | സുകുമാരൻ | 33907 | 40/31.03.2017 |
| 6 | S0152/17 ശിവദാസ് തീയേറ്റർ ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് ടാറിംഗ് വാർഡ് 11 | സുഭാഷ് പുതുവൽ | 43001 | 28/31.03.2017 |
| 7 | S0153/17 മാമൂട് ഈറ്റംവിളശ്ശേരി റോഡ് 2 റീച്ച് ടാറിംഗ് വാർഡ് 12 | സിനോ വിജയരാജ് | 21578 | 27/31.03.2017 |
| 8 | S0092/17 മാമൂട് ഈറ്റവിളശ്ശേരി റോഡ് ടാറിംഗ് വാർഡ് 12 | സിനോ വിജയരാജ് | 42538 | 29/31.03.2017 |
| 9 | S0157/17 വിജയനിവാസ് കോളനി | സ്മിത | 33291 | 32/31.03.2017 |

| | | | | |
|---|---|---|---|---|
| | സ്പിൽവേ റോഡ് ഗ്രാവലിംഗ് മെറ്റലിംഗ് & ടാറിംഗ് വാർഡ് 10 | | | |
| 10 | S0158/17 പുത്തൻപുര സ്പിൽവേ റോഡ് ഗ്രാവലിംഗ് മെറ്റലിംഗ് & ടാറിംഗ് – വാർഡ് 10 | സ്മിത | 44388 | 33/31.03.2017 |
| 11 | S0174/17 എൻ.എച്ച് ബോട്ട് ജെട്ടി റോഡ് ടാറിംഗ് – വാർഡ് 8 | പ്രൈസ് ബംഗ്ലാവിൽ | 59492 | 30/31.03.2017 |
| 12 | S0175/17 ഡീസൽ പമ്പ് പുത്തൻകരി റോഡ് 2-ാം ഘട്ടം മെറ്റലിംഗ്, ടാറിംഗ്, ഓടയുടെ നിർമ്മാണം – വാർഡ് 9 | എം.എച്ച്.വിജയൻ | 33907 | 36/31.03.2017 |
| 13 | S0176/17 മാമൂട് ഈറ്റവിളശ്ശേരി റോഡ് ടാറിംഗ് 3-ാം ഘട്ടം – വാർഡ് 12 | സിനോ വിജയരാജ് | 26818 | 31/31.03.2017 |
| 14 | S0179/17 എൻ.എച്ച് പുത്തൻവീട് റോഡിൽ അബ്ദുൾ ഖാദറിന്റെ വസതി വരെ മെറ്റലിംഗ് & ടാറിംഗ് - വാർഡ് 16 | സീനത്ത് | 45313 | 34/31.03.2017 |
| 15 | S0180/17എൻ.എച്ച് ശ്മശാനം ഗീതം ടവർ റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് – വാർഡ് 18 | രാജേന്ദ്രൻ | 40072 | 39/31.03.2017 |
| | ആകെ | | 628982 | |

തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ നിലവിലെ അവസ്ഥ അറിയിക്കുവാനും ആവശ്യപ്പെട്ട് 26.09.2017 നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19) മറുപടി നൽകിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കുകളുടെ പരിശോധന

എ. രസീത് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 8943188 |

| | | |
|---|---|---|
| വരവ് | : | 49839262 |
| ആകെ | : | 58782450 |
| ചെലവ് | : | 44919430 |
| നീക്കിയിരിപ്പ് | : | 1,38,63,020 |

*രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.*

1. 2016-17 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരം നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി 355075/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) പത്രികയിൽ ടി ഇനത്തിൽ കുടിശ്ശിക ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| സഞ്ചയ | 2840362 | 2874100 |
| സാംഖ്യ | 2208295 | 2769153 |

3. തൊഴിൽ നികുതി -(ട്രേഡേഴ്സ്), ഡി ആന്റ് ഒ എന്നിവയുടെ കുടിശ്ശിക തൻവർഷം യഥാക്രമം 20840/-, 10900/- എന്നിങ്ങനെ കളക്ഷൻ കാണിച്ചിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ വാർഷിക കണക്കിൽ ഈ ഇനത്തിൽ അരിയർ കാണിച്ചിരുന്നില്ല.

ബി. <u>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</u>

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായ - വ്യയങ്ങളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 146720008 |
| (-) വ്യയം | : | 147466953 |
| (-)പ്രയർ പീരീഡ് ഐറ്റം | : | 2383739 |
| സർപ്ലസ് | : | 1636794 |

*ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ തൻവർഷത്തെ ആകെ ചെലവ് 6,74,08,823/-രൂപയാണെന്ന് കാണുന്നു. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജറിൽ ഇതുമായി ബന്ധപ്പെട്ട മൂലധന ചെലവുകളൊന്നും ബുക്ക് ചെയ്തിട്ടില്ല.) എന്നാൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ MIS റിപ്പോർട്ട് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 6,55,94,000/- രൂപയാണ്.
2. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ 3,00,000/- രൂപ വരവും ചെലവും ഉണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിൽ രസീത് &പേമെന്റ് സ്റ്റേറ്റ്മെന്റിലോ ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലോ ഉൾപ്പെട്ടിട്ടില്ല.
3. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രയർ പിരീഡ് ഐറ്റം 2,383,739 ഏതൊക്കെയാണെന്ന് വിശദീകരിച്ചില്ല.

സി. <u>ബാലൻസ് ഷീറ്റ്</u>

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 47341713.6 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | : | 39616257.6 |
| പഞ്ചായത്ത് ഫണ്ട് | : | 7725456 |

*ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
2. തൊഴിൽ നികുതി ട്രേഡേഴ്സ്--(കുടിശ്ശിക) വാർഷിക കണക്ക് പ്രകാരം 20840/-രൂപയും രജിസ്റ്റർ പ്രകാരം 39180/- രൂപയും ആണ്.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 223090 | പാലിയേറ്റീവ് കെയർ | 223090 | - |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 10-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600935 | 176685 | - | 176685 |
| കെ.എസ്.ഇ.ബി | 18-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600933 | 141800 | - | 141800 |
| കെ.എസ്.ഇ.ബി | 14-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600934 | 176970 | - | 176970 |
| കെ.എസ്.ഇ.ബി | 16-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600937 | 170000 | - | 170000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9.ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49839262 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44919430 |
| വരവിനങ്ങളിലുള്ള നഷ്ടം | 500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ | 97881 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1949943 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5(4) | 500 | | നൌഷാദ്. എ, സെക്രട്ടറി |
| 3-1 | | 93000 | അജിത്കുമാർ.സി.എസ്, കൃഷി ഓഫീസർ |
| 3-3 | | 4881 | സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ<br>എ. അബ്ദുൾ റഹീം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 500 | 97881 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 665455 | സിസി ആന്റണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 200000 | നൌഷാദ്. എ, സെക്രട്ടറി |
| 3-11 | 769444 | ഷായിദ, ഹെഡ് മിസ്ട്രസ്, തോട്ടപ്പള്ളി |
| 3-12 | 181724 | ഡോ. ധന്യ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-13 | 133320 | ഡോ. ശ്രീരാജ്. ജി. പ്രഭു, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 1949943 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നൌഷാദ്. എ,<br>സെക്രട്ടറി | സെക്രട്ടറി,<br>പുറക്കാട് ഗ്രാമപഞ്ചായത്ത് | നൂർമൻസിൽ,<br>ആലപ്പുഴ |
| അജിത്കുമാർ.സി.എസ്.<br>കൃഷി ഓഫീസർ | ഫാംസൂപ്രണ്ട്,<br>നെല്ലിയാംപതി, പാലക്കാട് | ചന്ദ്രോദയം,<br>ചേപ്പാട്.പി.ഒ, ഹരിപ്പാട് |
| ഷായിദ,<br>ഹെഡ് മിസ്ട്രസ്, തോട്ടപ്പള്ളി | വിരമിച്ചു | പുത്തൻപറമ്പ്,<br>പുറക്കാട്.പി.ഒ |
| ശ്രീരാജ്. ജി. പ്രഭു,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ചെറുതന | കൃഷ്ണവിലാസ്,<br>പുറക്കാട് |
| ഡോ.ധന്യ,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ,<br>പുറക്കാട് | ഭദ്രം,<br>പുന്നപ്ര നോർത്ത് |
| സിസി ആന്റണി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പുറക്കാട് | കണ്ടോത്ത്പറമ്പിൽ,<br>ചാത്തനാട്,<br>അവ്വലുക്കുന്ന്.പി.ഒ,ആലപ്പുഴ |
| എ. അബ്ദുൾ റഹീം,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>അടൂർ ബ്ലോക്ക് പഞ്ചായത്ത്. | സഫാ – മീനത്തേൽ,<br>പുന്നക്കുളം,<br>കെ.എസ്. പുരം. പി.ഒ,<br>കരുനാഗപ്പള്ളി. |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 1999-00 | എൽ.എഫ്.ജി.എ-5-1832/11/21.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/23.01.2012 |
| 2006-07 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2007-08 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2008-09 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2009-10 | എൽ.എഫ്.ജി.എ-5-1577/13/15.05.2014 |
| 2010-11 | എൽ.എഫ്.എ പി8- 1091/12/20.11.2012/16.01.2013 |
| 2011-12 | എൽ.എഫ്.എ പി8- 373/14/26.05.2014 |
| 2012-13, 2013-14 | എൽ.എഫ്.എ പി8- 1826/14/05.02.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-839/16 തീയതി. 30.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി12-1305/16 തീയതി. 02.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി12-1244/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഫോൺ – 0477-2252753,

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി. 25.10.2017

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P12-1244/17

Kerala State Audit Department,

District Audit Affice, Alappuzha.

Ph : 0477-2252753

E-mail : ddhglfalpy@gmail.com

Date : 25.10.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Purakkad Grama Panchayat in Alappuzha district for the year ended on 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Purakkad Grama Panchayat for the year 2016-17 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

.

.

.

.

Deputy Director

kerala State Audit Department

Alappuzha